(ഡി) പി.ഡബ്ല്യു.ഡി. ഷെഡ്യൂൾഡ് നിരക്കുകൾ ഉള്ളപ്പോൾ കെ. എസ്.ഇ.ബി.യ്ക്ക് മാത്രമായി പ്രത്യേക നിരക്കുകൾ ഏർപ്പെടുത്താനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ കൺസൾട്ടൻസി ഒരു കമ്പനിയ്ക്കും നൽകിയിട്ടില്ല.

(ബി) പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ ഓഫ് റേറ്റ് നിലവിൽ വരുന്ന തീയതികളിൽ തന്നെ അത് കെ.എസ്.ഇ.ബി.യിലും ബാധകമാക്കാറുണ്ട്. ഇപ്പോൾ നിലവിലുള്ള പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ ഓഫ് റേറ്റ് 1999 (01.7.99 മുതൽ പ്രാബല്യമുള്ളത്) കെ.എസ്.ഇ.ബി. യിലും 01.07.99 മുതൽ ബാധകമാക്കിയിട്ടുണ്ട്.

(സി)&(ഡി)സർക്കുലറുകളൊന്നും ഇറക്കിയിട്ടില്ല. എന്നാൽ സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് പുന:സംഘടന നടത്തി വിവിധ പ്രോഫിറ്റ് സെന്ററുകളായി പ്രവർത്തനമാരംഭിയ്ക്കുമ്പോൾ, ഇപ്പോൾ തുടർന്നു വരുന്ന പി.ഡബ്ല്യു. യു.ഡി. ഷെഡ്യൂൾ ഓഫ് റേറ്റിനു പകരമായി ബോർഡ് സ്വന്തമായ കോസ്റ്റ്-ഡേറ്റാ ബാങ്ക് തയ്യാറാക്കണമെന്ന് വിവിധ ടാസ്ക് ഫോഴ്സുകൾ ശുപാർശ ചെയ്തിട്ടുണ്ട്. ഈ ശുപാർശ ബോർഡ് പരിശോധിച്ചു വരുന്നതേയുള്ളൂ.

സ്മാൾ സ്കെയിൽ സർവ്വീസ് ബിസിനസ് എന്റർപ്രൈസിനും വൈദ്യുതി കണക്ഷനും മുൻഗണന നൽകാൻ നടപടി

96 (3497)ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി കണക്ഷൻ നൽകുന്നതിന് എസ്.എസ്.ഐ. യൂണിറ്റുകൾക്ക് നൽകുന്ന മുൻഗണന സ്മാൾ സ്കെയിൽ സർവ്വീസ് ബിസിനസ് എന്റർപ്രൈസസിനും നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ആലപ്പുഴ ജില്ലയിൽ ഇപ്രകാരം കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അതിൻമേൽ എന്ത് നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) രണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഇ) എസ്.എസ്.എസ്.ബി.ഇ. യൂണിറ്റുകൾക്ക് എസ്.എസ്.ഐ യൂണിറ്റുകൾക്കുള്ള ആനുകൂല്യം ലഭിക്കാത്തിടത്തോളം കാലം അവ നിലവിലുള്ള മുൻഗണനാക്രമമനുസരിച്ച് മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly